"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

നികുതി വകുപ്പ് - രജിസ്ട്രേഷൻ - തിരുവനന്തപുരം ജില്ലയിലെ കടയ്ക്കാവൂർ സബ് രജിസ്ട്രാർ ഓഫീസിലെ 01.07.2011 മുതൽ 31.12.2013 വരെ കാലയളവിലെ ആഡിറ്റ് റിപ്പോർട്ടിലെ പാർട്ട് A ഇനം 1 (2)ന് രജിസ്ട്രേഷൻ IG നൽകിയ ഉത്തരവിനെതിരെ റിട്ടയേർഡ് സബ് രജിസ്ട്രാർ ശ്രീമതി. കെ പദ്മാവതിസർക്കാരിനു സമർപ്പിച്ച അപ്പീൽ അപേക്ഷ നിരസിച്ച് ഉത്തരവു പുറപ്പെടുവിക്കുന്നു.

---

**നികുതി (ഇ) വകുപ്പ്**

**സ.ഉ.(സാധാ) നം.308/2020/നി.വ** തീയതി,തിരുവനന്തപുരം, 13/05/2020

---

പരാമർശം:- 1 രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെ 06.02.2017ലെ ആർ.ആർ.2/ 970/2015 നമ്പർ നടപടിക്രമം.

2 ശ്രീമതി. കെ. പദ്മാവതി നികുതി വകുപ്പ് സെക്രട്ടറിക്ക് ഉചിത മാർഗ്ഗേന സമർപ്പിച്ച 02.03.2017 തീയതിയിലെ അപ്പീൽ അപേക്ഷ.

3 രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെ 06.07.2017, 03.11.2017, 06.08.2018, 19.08.2019 എന്നീ തീയതികളിലെ IGR/4411/2017-RR2 നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

തിരുവനന്തപുരം ജില്ലയിലെ കടയ്ക്കാവൂർ സബ് രജിസ്ട്രാർ ഓഫീസിലെ 850/2012 നമ്പർ ആധാരത്തിന്റെ ഏര്യ വിസ്തീർണ്ണത്തിലെ മെട്രിക് അളവുകൾ 364/2012-ാം നമ്പർ ആധാരത്തിൽ പിഴ തിരുത്തിയിരുന്നു . ആധാരം പരിശോധിച്ചതിൽ നിന്നും 19.85 ആർ എന്ന് മുന്നാധാരത്തിലും 19.63 ആർ എന്ന് പിഴ തിരുത്താധാരത്തിലും വിസ്തീർണ്ണം രേഖപ്പെടുത്തിയിരിക്കുന്നു. ഇപ്രകാരം വിസ്തീർണ്ണം വ്യത്യാസപ്പെട്ട് കാണുന്നതിനാൽ പുതിയ ആധാരമായി പരിഗണിച്ച് KSA 21 പ്രകാരം സ്റ്റാമ്പും ഫീസും ഈടാക്കണം എന്നതാണ് ആഡിറ്റ് റിമാർക്ക്സ്. പിഴതിരുത്താധാരം രജിസ്റ്റർ ചെയ്തതിലൂടെ സർക്കാരിന് മുദ്രവിലയിനത്തിൽ 54,964/- രൂപയും ഫീസിനത്തിൽ 15,604/- രൂപയും റവന്യൂ നഷ്ടം സംഭവിച്ചതായി കടയ്ക്കാവൂർ സബ് രജിസ്ട്രാർ ഓഫീസിലെ 01.07.2011 മുതൽ 31.12.2013വരെ കാലയളവിലെ ആഡിറ്റ് റിപ്പോർട്ട് പാർട്ട് എ ഇനം 1(2) ൽ കണ്ടെത്തിയതിനെ തുടർന്ന് ടി കുറവുതുക ബന്ധപ്പെട്ട സബ് രജിസ്ട്രാറായ ശ്രീമതി. കെ. പദ്മാവതിയുടെ ബാധ്യതയായി നിശ്ചയിച്ചിരുന്നു. പ്രസ്തുത നടപടിക്കെതിരെ ശ്രീമതി. കെ. പദ്മാവതി രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന് അപ്പീൽ സമർപ്പിച്ചിരുന്നുവെങ്കിലും രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ പ്രസ്തുത അപ്പീൽ പരാമർശം 1 പ്രകാരം നിരസിക്കുകയുണ്ടായി. രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെ ടി ഉത്തരവിനെതിരെ ശ്രീമതി. കെ. പദ്മാവതി നികുതി വകുപ്പ് സെക്രട്ടറിക്ക് പരാമർശം 2 പ്രകാരം ഉചിതമാർഗ്ഗേന സമർപ്പിച്ച അപ്പീൽ അപേക്ഷ, രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ പരാമർശം 3 പ്രകാരം സർക്കാരിൽ ലഭ്യമാക്കുകയുണ്ടായി.

2.ആഡിറ്റ് റിപ്പോർട്ട് പാർട്ട് എ ഇനം 1(2) ചുവടെപ്പറയും പ്രകാരമാണ്;

ആധാര നമ്പർ 850/2012 ആധാരം തിരുവനന്തപുരം ജില്ലയിൽ കിഴുവിലം വില്ലേജിൽ ഐശ്വര്യയിൽ ഐശ്വര്യ, വക്കം വില്ലേജിൽ തോപ്പിക്ക വിളാകത്ത് എസ്എം ഭവനിൽ സൺലി, മിഥുൻ

ഇവർ പേർക്ക് എഴുതിക്കൊടുത്ത പിഴ തിരുത്താധാരം. ഈ ആധാര പ്രകാരം 364/2012-ാം നമ്പർ ആധാരത്തിലെ സർവ്വെ നമ്പർ പിഴ തിരുത്തുന്നതിനായി പ്രഖ്യാപിച്ചിരുന്നു. ആധാരം പരിശോധിച്ചതിൽ നിന്നും 19.85 ആർസ് എന്ന് മുന്നാധാരത്തിലും 19.63 ആർസ് എന്ന് പിഴ തിരുത്താധാരത്തിലും വിസ്തീർണ്ണം രേഖപ്പെടുത്തിയിരിക്കുന്നു. ഇപ്രകാരം വിസ്തീർണ്ണം വ്യത്യാസപ്പെട്ട് കാണുന്നതിനാൽ പുതിയ ആധാരമായി പരിഗണിച്ച് KSA 21 പ്രകാരം സ്റ്റാമ്പും ഫീസും ഈടാക്കേണ്ടതാണ്. ഈടാക്കേണ്ട മുദ്രവില- 54964/-രൂപ, ഈടാക്കിയ മുദ്രവില -ഇല്ല, കുറവുമുദ്ര- 54,964/- രൂപ, ഈടാക്കേണ്ട ഫീസ്- 15704/- രൂപ, ഈടാക്കിയ ഫീസ്-100 രൂപ, കുറവു ഫീസ്-15,604/- രൂപ.

3. ടി റിപ്പോർട്ടു പ്രകാരം ബാധ്യത നിശ്ചയിച്ച നടപടിക്കെതിരെ ശ്രീമതി. കെ. പദ്മാവതി രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന് സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ മുൻ ആധാരം രജിസ്റ്റർ ചെയ്തത് മറ്റൊരു സബ് രജിസ്ട്രാറാണെന്നും, സെന്റളവിന് ഊന്നൽ നൽകിയാണ് മുൻ ആധാരം രജിസ്റ്റർ ചെയ്തതെന്നും, മെട്രിക് അളവിൽ ഊന്നൽ നൽകിയല്ല മുൻ ആധാരവും പിഴ തിരുത്താധാരവും രജിസ്റ്റർ ചെയ്തതെന്നും, വിവരണത്തിൽ വിസ്തീർണ്ണത്തിന് മാറ്റമില്ലാത്തതിനാൽ ഇത് മുദ്രവില ആവശ്യമില്ലാത്ത ഒരു പിഴ തിരുത്ത് മാത്രമാണെന്നും, പട്ടികയിൽ ചേർത്ത കൈപ്പിശക് മാത്രമാണ് തിരുത്തിയതെന്നും വിവരണത്തിൽ യാതൊരു വ്യത്യാസവും കാണുന്നില്ലെന്നും, മുൻ ആധാരത്തിലെ സെന്റളവുമാറ്റി മെട്രിക് അളവിൽ പിഴ തിരുത്ത് എഴുതിയാൽ ഭൗതികമാറ്റം സംഭവിക്കുമെന്ന് വ്യാഖ്യാനിക്കപ്പെടാവുന്നതുകൊണ്ടാണ് സെന്റളവിന് ഊന്നൽ നൽകി തിരുത്ത് ആധാരം എഴുതിയതെന്നും ഇത് മുൻ ആധാരത്തിന്റെ അനുബന്ധമായ ശരിയായ ഒരു പിഴതിരുത്ത് മാത്രമാണെന്നുള്ള ഉത്തമ ബോധ്യത്താൽ (in good faith) രജിസ്റ്റർ ചെയ്തതാണെന്നും ഇവിടെ സർക്കാരിന് യാതൊരു സാമ്പത്തിക നഷ്ടവും വരുത്തിയിട്ടില്ലെന്നും വസ്തുവിന്റെ അടിസ്ഥാന ഘടകങ്ങളായ എല്ലുക, വിസ്തീർണ്ണം, പട്ടയ നമ്പർ ഇവയിലൊന്നിലും മാറ്റം വരുത്താത്ത ഈ പിഴ തിരുത്താധാരം മുൻ ആധാരത്തിന്റെ അനുബന്ധമാണെന്നും ചൂണ്ടിക്കാട്ടിയിരുന്നു. എന്നാൽ രണ്ടാധാരങ്ങളുടെയും സെന്റളവിലും കൃത്യത പാലിക്കുന്നുണ്ട് എന്നവാദമുഖം കമ്പ്യൂട്ടർ ഡാറ്റാബേസ് പട്ടികയിൽ കാണിക്കുന്ന മെട്രിക് അളവ് നോക്കി ചെയ്യുന്നതിനാൽ സ്വീകാര്യമല്ല. കൂടാതെ രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെ 22.04.2010ലെ ആർ.ആർ.3-17905/09 നമ്പർ സർക്കുലറിന്റെ അടിസ്ഥാനത്തിൽ ആധാരങ്ങളിൽ മെട്രിക് അളവുകൾ മാത്രമേ ഉപയോഗിക്കാവൂ എന്നുള്ളതിനാലും മെട്രിക് അളവിൽ വ്യത്യാസം വന്നിട്ടുള്ളതിനാലും സെന്റളവ് കൃത്യമാണെന്നുള്ള സബ് രജിസ്ട്രാറുടെ വാദം അംഗീകരിക്കാൻ കഴിയുന്നതല്ല എന്ന് കണ്ട് രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ പ്രസ്തുത അപ്പീൽ നിരസിച്ചുവെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4. മുൻ ആധാരത്തിലും പിഴ തിരുത്താധാരത്തിലും വിവരണത്തിലെ വിസ്തീർണ്ണത്തിന് മാറ്റമില്ലാത്തതിനാൽ ഇത് മുദ്രവില ആവശ്യമില്ലാത്ത ഒരു പിഴ തിരുത്ത് മാത്രമാണ്, പട്ടികയിൽ ചേർത്ത കൈപ്പിശക് മാത്രമാണ് തിരുത്തിയത്, വിവരണത്തിൽ യാതൊരു വ്യത്യാസവും കാണുന്നില്ല, മുൻ ആധാരത്തിലെ സെന്റളവുമാറ്റി മെട്രിക് അളവിൽ പിഴ തിരുത്ത് എഴുതിയാൽ ഭൗതികമാറ്റം സംഭവിക്കുമെന്ന് വ്യാഖ്യാനിക്കപ്പെടാവുന്നതുകൊണ്ടാണ് സെന്റളവിന് ഊന്നൽ നൽകി തിരുത്ത് ആധാരം എഴുതിയത് എന്നും അതിനാൽ തന്റെ നടപടി ശരിവച്ച് നൽകണമെന്നുമാണ് ശ്രീമതി കെ.പദ്മാവതി സർക്കാരിന് സമർപ്പിച്ചിട്ടുള്ള അപ്പീലിൽ വാദിക്കുന്നത്.

5. 1976- ലെ Standards of Weight and Measures Act, നികുതി വകുപ്പിന്റെ 19242/E2/2009/ നി.വ തീയതി 2/2/2010 സർക്കുലർ, രാജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെ RR3-22709/2013 തീയതി 30/12/2014 സർക്കുലർ എന്നിവയിലെ വ്യവസ്ഥകൾ രജിസ്റ്ററിങ് ഉദ്യോഗസ്ഥൻ പാലിക്കാൻ ബാധ്യസ്ഥനാണെന്നും, അതിന്റെ അടിസ്ഥാനത്തിൽ ശ്രീമതി . പദ്മാവതിയുടെ അപ്പീൽ നിരസിക്കാവുന്നതാണെന്നും രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ അഭിപ്രായപ്പെട്ടിട്ടുണ്ട്.

6. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2/2/2010ലെ നികുതി വകുപ്പിന്റെ 19242/E2/2009/നി.വ നമ്പർ സർക്കുലറിന്റെ വെളിച്ചത്തിൽ ആധാരങ്ങളിൽ നിയമപരമായി മെട്രിക് അളവുകൾ മാത്രമേ രേഖപ്പെടുത്താവൂ എന്ന് നിർദ്ദേശിച്ചിരുന്നു. രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെ

30.12.2014-ലെ RR3-22709/2013 നം സർക്കുലർ പ്രകാരം മെട്രിക് അളവുകളോടൊപ്പം ഏക്കർ, സെന്റ്, ച . ലിംഗ്സ് തുടങ്ങിയ നോൺ - മെട്രിക് അളവുകൾകൂടി ഉപയോഗിച്ച് ആധാരങ്ങൾ ചമയ്ക്കുവാൻ പാടില്ലായെന്നും, ഈ സർക്കുലറിന് മുൻപായി എഴുതിയതും എന്നാൽ ഇതുവരെ രജിസ്റ്റർ ചെയ്യാത്തതുമായ ആധാരങ്ങളുടെ കാര്യത്തിൽ മെട്രിക് അളവുകളും സെന്റ് അളവും ഒന്നിച്ച് ഒരു ആധാരത്തിൽ ചേർത്തിട്ടുള്ള പക്ഷം ഇവ രണ്ടും തുല്യമാണെന്ന് ഉറപ്പ് വരുത്തേണ്ടത് സബ് രജിസ്ട്രാറുടെ ഉത്തരവാദിത്വമാണെന്നും, മെട്രിക് അളവും നോൺ- മെട്രിക് അളവും തമ്മിൽ ഗണിതശാസ്ത്രപരമായി പൊരുത്തപ്പെടുന്നില്ലെങ്കിൽ രജിസ്ട്രേഷൻ ചട്ടം 191(3)പ്രകാരം വസ്തു വിവരണം വസ്തുവിനെ തിരിച്ചറിയാൻ അപര്യാപ്തമാണെന്ന് കണക്കാക്കി രജിസ്ട്രേഷൻ നിരസിക്കാവുന്നതാണെന്നും, നിയമ വിരുദ്ധമായ നോൺ- മെട്രിക് അളവുകൾ ഒഴിവാക്കുകയും മെട്രിക് അളവുകളുടെ പൊതു സ്വീകാര്യത വർധിപ്പിക്കുകയും ചെയ്യുന്നതിന് വേണ്ട ബോധപൂർവ്വമായ പരിശ്രമം രജിസ്റ്ററിങ് ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്ന് ഉണ്ടാകേണ്ടതാണെന്നും വ്യക്തമാണ്. മേൽ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ആധാരം തയ്യാറാക്കി രജിസ്റ്റർചെയ്ത സബ് രജിസ്ട്രാറുടെ നടപടി നിയമപരമല്ലാത്തതിനാൽ, കടയ്ക്കാവൂർ സബ് രജിസ്ട്രാർ ഓഫീസിലെ 01.07.2011 മുതൽ 31.12.2013വരെ കാലയളവിലെ ആഡിറ്റ് റിപ്പോർട്ട് പാർട്ട് എ ഇനം 1(2)ൽ കണ്ടെത്തിയ ആഡിറ്റ് റിപ്പോർട്ടുമായി ബന്ധപ്പെട്ടുള്ള രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെ പരാമർശം 1-ലെ ഉത്തരവിനെതിരെ അന്നത്തെ സബ് രജിസ്ട്രാർ ശ്രീമതി. കെ. പദ്മാവതി പരാമർശം (2) പ്രകാരം സർക്കാരിന് സമർപ്പിച്ച അപ്പീൽ അപേക്ഷ നിരസിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
T T SURESH
**ഡെപ്യൂട്ടിസെക്രട്ടറി**

രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ, തിരുവനന്തപുരം.
ശ്രീമതി. കെ. പദ്മാവതി, ജില്ലാ രജിസ്ട്രാർ (ജനറൽ), തിരുവനന്തപുരം (രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ മുഖാന്തിരം)
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരളം, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ